**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3116** **18-03-2022 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | യുവജനക്ഷേമ വകുപ്പിന് കീഴിൽ യുവജനങ്ങൾക്ക് പ്രയോജനകരമായിട്ടുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന യുവജനങ്ങൾക്കായി കേരളോത്സവം, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട് സംഘടിപ്പിച്ച ആർട്ട് ഡി ടൂർ, ദേശീയ നാടൻ കലാമേള, നാടകോത്സവം, ദേശീയ യുവജനസെമിനാർ, സംരംഭകത്വ വികസന സെമിനാറും തൊഴിൽ പരിശീലനവും, ജോബ് ഫെസ്റ്റ്, മ്യൂസിക്കൽ ബാന്റ് മത്സരം, ചിത്രകലാ ക്യാമ്പ്, വനിതകൾക്ക് കാർട്ടൂൺ ക്യാമ്പ്, സാംസ്കാരിക സായാഹ്നങ്ങൾ, മാധ്യമ സെമിനാർ, ദേശീയ ആയോധനകലോത്സവം, ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ ഫോർ യൂത്ത്, ബോധവത്ക്കരണ പരിപാടി, മത്സര പരീക്ഷ പരിശീലന പരിപാടി, ആരോഗ്യ സംരക്ഷണ ക്യാമ്പയിനുകൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, സാംസ്കാരിക കൂട്ടായ്മ, യുവതാ മാസിക, യുവശക്തി പദ്ധതി, സാഹസിക പ്രവർത്തനങ്ങൾ, യൂത്ത് അവാർഡ്, സ്പോർട്സ് കിറ്റ് വിതരണം, യുവജനദിനാചരണം, സാഹിത്യ ക്യാമ്പ്, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, വനിതാ ശില്പശാല, പി.എസ്.സി പരിശീലനം, പരിസ്ഥിതി ദിനാചരണം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവാക്ലബ്ബുകൾ, യുവതീ ക്ലബ്ബുകൾ, കാർഷിക ക്ലബ്ബുകൾ, ഭിന്നശേഷിക്കാർക്കുള്ള ക്ലബ്ബുകൾ, ട്രാൻസ് ജെൻഡേഴ്സ് ക്ലബ്ബുകൾ എന്നിവ രൂപീകരിച്ച വരുന്നു. കേരള സംസ്ഥാന യുവജന |

കമ്മീഷൻ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു കോളേജുകളിലും കോളനികളിലും യുവജന ക്ലബുകളിലും 'മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംങ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ജില്ലകളിൽ 'അദാലത്തുകളും ലോക്കൽ ലെവൽ സിറ്റിംഗും' നടത്തി യുവാക്കളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന പരാതികളിന്മേലും പ്രഥമദൃഷ്ട്യാ ബോധ്യമാകുന്ന പ്രശ്നങ്ങളിൻമേലും അന്വേഷണം നടത്തുകയും, അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരികയും, നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നുണ്ട്. യുവാക്കളിൽ സാമൂഹ്യബോധവും നിയമ അവബോധവും യുവജനങ്ങളുടെ അവകാശങ്ങൾ, ലിംഗ സമത്വം തുടങ്ങിയ വിഷയങ്ങളിലുള്ള അവബോധവും സൃഷ്ടിക്കുന്നതിനായി രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ യുവജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ദേശീയ സെമിനാറും ജില്ലാതലത്തിൽ സെമിനാർ/സിമ്പോസിയം/ശില്പശാല എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനത്തെ ജനങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുള്ളവരും കല/സാംസ്കാരികം, സാഹിത്യം, കായികം, കൃഷി, സാമൂഹ്യ സേവനം, വ്യവസായം/സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഉന്നതമായ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളവരുമായ യുവാക്കളെ തെരഞ്ഞെടുത്ത് 'യൂത്ത് ഐക്കൺ' എന്ന ബഹുമതി നൽകി ആദരിക്കുന്നു. ദേശീയ യുവജന ദിനമായ ജനുവരി 12ന് മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ ബോധവത്ക്കരണം, റോഡുസുരക്ഷ അവബോധത്തിനായി വാഹനറാലി, യുവാക്കളിൽ നിയമ അവബോധം ഉണ്ടാക്കുന്നതിന് ഇ.എം.എസ് അനുസ്മരണ അന്തർ സർവ്വകലാശാല പ്രസംഗ മത്സരം എന്നിവ സംഘടിപ്പിച്ചു വരുന്നു. പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ആരോഗ്യ പരിപാലനം എന്ന പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പും പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഗോത്രവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്ക് ആരോഗ്യരംഗത്ത് ബോധവത്ക്കരണം നൽകുകയും ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം ലഭ്യമാക്കുന്നതിനായി

| | | | |
|---|---|---|---|
| | | | 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ' എന്ന പദ്ധതി നടപ്പാക്കുന്നു. സാമ്പത്തികവും സാമൂഹികവുമായി ഏറെ പിന്നാക്കം നിൽക്കുന്ന യുവജനങ്ങളിൽ നിയമ സഹായം ആവശ്യമുള്ളവർക്കായി ഒരു ടോൾഫ്രീ നമ്പറിലൂടെ സേവനം നൽകുന്നതിന് ഒരു ഓൺലൈൻ പ്ലാറ്റ് ഫോം ഡെവലപ്പ് ചെയ്യുകയും രണ്ട് പേരടങ്ങുന്ന ഒരു നിയമ വിദഗ്ധ പാനൽ രൂപീകരിച്ച് നിയമ സഹായം നൽകുകയും ചെയ്യുന്നുണ്ട്. യുവജനങ്ങളിൽ പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹ്യബോധം, നിയമ സാക്ഷരത തുടങ്ങിയവ വളർത്തിയെടുക്കുന്നതിന് ഫെസിലിറ്റേഷൻ പ്രോഗ്രാം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 'ഗ്രീൻ സോൺ' എന്ന പേരിൽ തരിശ് ഭൂമികൾ കണ്ടെത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ ജില്ലകളിൽ പച്ചക്കറിക്കൃഷി/മീൻവളർത്തൽ എന്നിവ നടത്തുന്നുണ്ട്. കൂടാതെ വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ ഭാഗമായി യുവാക്കൾക്ക് തൊഴിലവസരങ്ങൾ സംബന്ധിച്ച അറിയിപ്പ് നൽകുന്നതിനും തൊഴിൽ നേടാൻ പറ്റിയ കോഴ്സുകൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും സർക്കാർ, സ്വകാര്യ തൊഴിൽദായകരിൽ നിന്നും ലഭ്യമായ തൊഴിലവസരങ്ങൾ സംബന്ധിച്ച വിവരങ്ങൾ യുവജനങ്ങളിൽ എത്തിക്കുന്നതിനുമായി രൂപീകരിച്ച ജോബ് പോർട്ടൽ പദ്ധതി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ജോബ് ഫെസ്റ്റുകളും സംഘടിപ്പിച്ചു വരുന്നു. |
| (ബി) | യുവജനങ്ങൾക്ക് സ്വയംതൊഴിൽ പ്രോത്സാഹനത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ; | (ബി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവതീ ശാക്തീകരണത്തിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 'അവളിടം' എന്ന പേരിൽ യുവതീ ക്ലബ്ബുകൾ രൂപീകരിച്ച് അംഗങ്ങൾക്ക് കേക്ക് നിർമ്മാണം, ആഭരണ നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകുന്നു. കൂടാതെ ഭിന്നശേഷിക്കാരായവരെ പരിചരിക്കുന്നതിനുള്ള പരിശീലന പരിപാടികൾ, കാർഷിക ക്ലബ്ബുകൾ, യുവക്ലബ്ബുകൾ, യൂത്ത് ക്ലബ്ബുകൾ എന്നിവ മുഖേന യുവജനങ്ങൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനുള്ള ധനസഹായവും ബോർഡ് വഴി നൽകുന്നുണ്ട്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ യുവജനക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് യുവജനക്ഷേമത്തിനായി പ്രത്യേകം പദ്ധതികൾ/ പരിപാടികൾ വകപ്പ് നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ